(ബി) ഇത്തരക്കാർക്ക് നിലവിൽ എന്തെങ്കിലും ഇൻസർവ്വീസ് കോഴ്സ് കൊടുത്തിട്ടാണോ ഇത്തരം ചികിത്സ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ; മാസിയർ ആന്റ് പഞ്ചകർമ്മാ അസിസ്റ്റന്റ് കോഴ്സ് പാസ്സായവരെകൊണ്ട് ചികിത്സ നടത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ഇത്തരം ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നവർക്ക് സമാനമായ ഇൻസർവ്വീസ് കോഴ്സ് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലാ ആയൂർവേദ ആശുപത്രിയിൽ നേഴ്സും തെറാപ്പിസ്റ്റുമാണ് പഞ്ചകർമ്മ ചികിത്സാ/തടവ്/തിരുമ്മൽ ചികിത്സ നടത്തുന്നത്. നേഴ്സിംഗ് അസിസ്റ്റന്റുമാർ നേഴ്സിനേയും തെറാപ്പിസ്റ്റിനേയും സഹായിക്കുക മാത്രമാണ് ചെയ്യുന്നത്.

(ബി) ഐ.എം.ജി. മുഖേനയും ഡിപ്പാർട്ടുമെന്റ് ഫണ്ട് ഉപയോഗിച്ചും നിലവിലുള്ള ജോലി മെച്ചപ്പെടുത്തുന്നതിന് ട്രെയിനിംഗ് നൽകാറുണ്ട്. തെറാപ്പിസ്റ്റുകാരെ നിയമിച്ചുകൊണ്ടുതന്നെയാണ് ചികിത്സ നടത്തിവരുന്നത്.

(സി) ഡിപ്പാർട്ട്മെന്റ് മുഖേനയും ഐ.എം.ജി. മുഖേനയും ഇൻസർവ്വീസ് കോഴ്സ് നടത്തിവരുന്നു.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ആയുർവേദാശുപത്രികൾ

67 (1794) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ പുതിയതായി എത്ര ആയൂർവേദ ആശുപത്രികൾ അനുവദിച്ചു ; പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് ഒരു ആയൂർവേദ ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ട്.

നാച്ചുറോപ്പതി ആന്റ് യോഗ കോഴ്സിന്റെ അംഗീകാരം

68 (1795) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാച്ചുറോപ്പതി ആന്റ് യോഗ വിഭാഗം ചികിത്സ നടത്തുന്നതിന് ദേശീയതലത്തിൽ അംഗീകരിച്ച മെഡിക്കൽ കോഴ്സ് ഏതാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇതിൽനിന്നും വ്യത്യസ്തമായി കോഴ്സുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനതലത്തിൽ അംഗീകരിച്ച ഈ കോഴ്സിനെക്കുറിച്ച് ഏതെങ്കിലും വിഭാഗത്തിൽനിന്നും ആക്ഷേപം ഉയരുകയോ നിവേദനം ലഭിക്കുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ വിഭാഗത്തിന്റെ ആക്ഷേപത്തിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) Bachelor of Naturopathy & Yoga Science എന്ന അഞ്ച് വർഷത്തെ മെഡിക്കൽ കോഴ്സാണ് പ്രകൃതിചികിത്സാ ഡോക്ടറാകുന്നതിനുള്ള ദേശീയതലത്തിലുള്ള യോഗ്യത.

(ബി) 28-2-2011-ലെ ജി.ഒ.(പി)146/11/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) ന്യൂ ദില്ലിയിലെ അഖില ഭാരതീയ പ്രകൃതി ചികിത്സാ പരമഷത്ത്, ഗാന്ധി സ്മാരക നിധി എന്നീ സ്ഥാപനങ്ങളിലെ 3 വർഷത്തെ ഡിപ്ലോമ ഇൻ നാച്ചുറോപ്പതി ആന്റ് യോഗ കോഴ്സ് പാസ്സായതിനു ശേഷം കേരളത്തിലെ കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഒരു വർഷത്തെ നാച്ചുറോപ്പതി ആന്റ് യോഗ തെറാപ്പി ഡിപ്ലോമ കോഴ്സ് പാസ്സായവർക്ക് 'ബി' ക്ലാസ്സ് രജിസ്ട്രേഷൻ നൽകാമെന്ന് ഉത്തരവായിട്ടുണ്ട്.

(സി&ഡി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

സർക്കാർ ഹോമിയോ ആശുപത്രിയുടെ ഭൂമി അന്യാധീനപ്പെടുത്താനുള്ള ശ്രമം

69 (1797) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പട്ടം താണുപിള്ള സ്മാരക സർക്കാർ ഹോമിയോ ആശുപത്രിയുടെ ഭൂമി അന്യാധീനപ്പെടുത്താൻ ചിലർ ശ്രമിക്കുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മണ്ണ് നീക്കി പുതിയ കെട്ടിടം നിർമ്മിക്കാൻ നീക്കം നടന്നതും മണ്ണ് നീക്കുന്നതിന് കരാറെടുത്തയാൾ സർക്കാർ ഭൂമിയുടെ അതിരുകൾ പൊളിച്ചതുമായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കരാറുകാരൻ കരാർ ലംഘിച്ചിട്ടുണ്ടെങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) മണ്ണ് നീക്കുന്നതിന് കരാറെടുത്തയാളും പ്രസ്തുത ആശുപത്രിയിലെ ആർ.എം.ഒ.-യും തമ്മിൽ രഹസ്യ ധാരണയുള്ളതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആർ.എം.ഒ.-യുടെ പ്രവർത്തനംമൂലം ആശുപത്രിയുടെ പ്രവർത്തനം താറുമാറാകുന്നതായ ആരോപണം അന്വേഷിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly